**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **07-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ കായൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള കായൽ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും നിർവഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പ്രസ്തുത പദ്ധതി ടൂറിസം വകുപ്പിന് കൈമാറിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്നും എന്നത്തേക്ക് കൈമാറുമെന്നും വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പദ്ധതികളുടെ നിർമാണം പൂർത്തിയാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നു കെട്ടിട നമ്പർ നേടി വൈദ്യുതി, ജല ലഭ്യതയും ഉറപ്പാക്കിയ ശേഷം നടത്തിപ്പിനു സജ്ജമാക്കി വിനോദ സഞ്ചാര വകുപ്പിനെ ഏൽപ്പിക്കേണ്ടത് നിർവഹണ ഏജൻസികളുടെ ചുമതലയാണ്. എന്നാൽ തീരദേശ പരിപാലന അതോറിട്ടി (KCZMA)യുടെ അനുമതി ലഭിക്കാത്തതിനാൽ 'കായംകുളം കായലോര ടൂറിസം പദ്ധതി'ക്ക് കായംകുളം നഗരസഭ കെട്ടിട നമ്പർ നൽകിയിട്ടില്ല. ഇക്കാരണത്താലാണ് പദ്ധതി വിനോദ സഞ്ചാര വകുപ്പിനു കൈമാറാൻ നിർവഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷന്(KIIDC) സാധിക്കാത്തത്. കായംകുളം കായലോരത്തെ നടപ്പാത 2018ലെയും 2019ലെയും പ്രളയത്തിൽ താഴ്ന്ന് പോവുകയും ടൈലുകൾക്കു സാരമായ കേടുപാട് സംഭവിക്കുകയും ചെയ്തിരുന്നു. വേലിയേറ്റ സമയത്ത് നടപ്പാതയിൽ പലയിടത്തും വെള്ളം കയറുകയും വെള്ളം കെട്ടിക്കിടന്നു പുൽത്തകിടി നശിക്കുകയും ചെയ്തു. പദ്ധതി പ്രദേശവും സ്വകാര്യ ഭൂമിയുമായുള്ള അതിരിൽ ചുറ്റുമതിലോ വേലിയോ ഇല്ലാത്തതും സാമൂഹികവിരുദ്ധ ശല്യത്തിന് ഇടയാക്കുന്നുണ്ട്. ശുചിമുറിയുടെ വാതിലുകളും ഫിറ്റിങ്ങുകളും സാമൂഹികവിരുദ്ധർ നശിപ്പിച്ച നിലയിലാണ്. പദ്ധതി പ്രദേശമാകെ കാടുകയറി നാശോന്മുഖവുമായി. ഈ സാഹചര്യത്തിൽ 'കായംകുളം കായലോര ടൂറിസം പദ്ധതി' അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് തയാറാക്കാൻ നിർവഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും ചുറ്റുമതിൽ നിർമിക്കുകയും കായംകുളം നഗരസഭയിൽ നിന്നു കെട്ടിട നമ്പർ ലഭിച്ച് വൈദ്യുതി - ജല ലഭ്യതയും |

| | | | |
|---|---|---|---|
| | | | ഉറപ്പാവുന്ന ഘട്ടത്തിൽ ഈ പദ്ധതി വിനോദ സഞ്ചാര വകുപ്പ് ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ